തിരുമുൽപാട് ഫൌണ്ടേഷൻ

2018 ഡിസംബർ ലക്കം

# വൈദ … വാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപാട് ഫൌണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ബഹിഃപരിമാർജനം

ഡോ. കെ. മുരളി
പ്രൊഫസർ, കായചികിത്സാ വിഭാഗം
ഗവ: ആയുർവേദ കോളേജ്, കണ്ണൂർ

ബഹിഃപരിമാർജനത്തിനുപയോഗിക്കുന്ന ദ്രവ്യങ്ങൾ പ്രവർത്തിക്കുന്ന തെങ്ങിനെ? അതിൽ രസഗുണാദികൾക്ക് എന്തെങ്കിലും പങ്കുണ്ടോ?

ഔഷധങ്ങളുടെ ബാഹ്യമായ പ്രയോഗത്തെ ബഹിഃപരിമാർജനം എന്നു പറയാം. ബാഹ്യമായ സ്പർശത്തെ ആശ്രയിച്ച് അഭ്യംഗം സ്വേദം പ്രദേഹം പരിഷേകം ഉന്മർദ്ദനം തുടങ്ങിയവകൊണ്ട് രോഗങ്ങളെ തുടച്ചു നീക്കുന്ന (ശമിപ്പിക്കുന്ന)താണ് ബഹിഃപരിമാർജനം.

ഏതവയവത്തിലും എന്നപോലെ ത്വക്കിലും മൂന്ന് ദോഷങ്ങളുണ്ട്. ഇന്ദ്രിയമെന്ന നിലയിൽ വായുവിന്റെ സ്ഥാനമാണ്. ഭ്രാജകമെന്ന പിത്തവുമുണ്ട് കൂടെ. ത്വക്കിന്റെ സ്നിഗ്ധത കഫസാന്നിധ്യത്തെയും കുറിക്കുന്നു. ബഹിഃപരിമാർജനത്തെപ്പറ്റിയുള്ള ചിന്തയിൽ പ്രസക്തമാകുന്നത്, ഭ്രാജക പിത്തമാണ്. അഭ്യംഗാദികളായി പ്രയോഗിച്ച

ഔഷധത്തെ പചിപ്പിച്ച് ദോഷസാമ്യത്തെ ഉണ്ടാക്കുന്നത് ഈ അഗ്നി ഭേദമാണ്.

അന്തഃപരിമാർജനം ചെയ്യുന്ന ശമനപ്രധാനമായ മിക്കവാറും കർമ്മ ങ്ങൾ ബഹിഃപരിമാർജനവും ചെയ്യുന്നതായി കാണാം. ഷഡുപക്രമം തന്നെ നോക്കാം. അഭ്യംഗം സ്നേഹനമാണല്ലോ. രൂക്ഷണമായ ലേപ നങ്ങളുമുണ്ട്. സ്വേദനം പൂർണ്ണമായും ബാഹ്യോപചാരമാണ്. ബ ഹിഃപരിമാർജനത്തിൽ ചെയ്യുന്ന സ്തംഭനം ക്ഷാരാഗ്നികർമ്മങ്ങളിലെ അതിയോഗത്തിലാണ് പ്രസക്തമാകുക. ഇത് അതിസാരത്തിലോ രക്തപിത്തത്തിലോ ഫലം ചെയ്യുകയില്ല. ദ്വിവിധോപക്രമം കൂടിയായ ലംഘന ബൃംഹണങ്ങൾക്കും ബഹിഃപരിമാർജനം പറ്റും. നവരക്കിഴി യും ഉദ്വർത്തനവും ഉദാഹരണങ്ങൾ.

ത്വക്കിനെ കേന്ദ്രീകരിച്ച് ചെയ്യാവുന്ന മറ്റ് ശമനപ്രയോഗങ്ങളും ഇവിടെ ആലോചിക്കാവുന്നതാണ്. ഉഷ്ണമോ ശീതമോ അധിക മായി അനുഭവപ്പെടുന്ന അവസ്ഥകളിൽ ദാഹാദിയും ശീതാദിയുമായ ജ്വരം - ബഹിഃപരിമാർജനം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ത്വഗ്ഗതക്ലേദ ത്തിന് ത്രിഫല ഒരു പരിഹാരമാണ്. ആ അർത്ഥത്തിൽ അത് രോപണ മാണ്. കൂടാതെ വ്രണരോപണമായ ബാഹ്യപ്രയോഗങ്ങൾ നിരവധി യുണ്ടല്ലോ. ശൂലഘ്നമായ ഉപനാഹങ്ങൾ അനുബന്ധദോഷത്തെ ക്കൂടി കരുതി തെരഞ്ഞെടുക്കാനുള്ളതാണ്. ഭേദനം (കുരുപൊട്ടി ക്കുക) വിമ്ലാപനം (വിലയിപ്പിച്ചു കളയുക) തുടങ്ങിയവ ബാഹ്യ ചി കിത്സ കൊണ്ടുതന്നെ സാധിക്കാവുന്ന കാര്യങ്ങളാണ്. സന്ധിഗതവും അല്ലാത്തതുമായ ശോഫത്തിലും ലേപങ്ങൾ യോജിക്കും.

രസഗുണാദികൾകൊണ്ടല്ലാതെ ഈ കർമ്മങ്ങൾ ചെയ്യുന്നതെങ്ങിനെ? മധുരരസം തന്നെയാണ്. ബൃംഹണമായി ബാഹ്യപ്രയോഗത്തിലും

പ്രവർത്തിക്കുന്നത്. *ഉദ്രിക്തലവണൈഃ*. ലവണം ധാരാളം ചേർത്തു തന്നെ വേണം, വാതഘ്നമായ ഉപനാഹം ചെയ്യാൻ. ഉപ്പ് മാത്രമുപ യോഗിച്ചുള്ള കിഴിയുമുണ്ടല്ലോ. അമ്ലരസമുള്ള ദ്രവങ്ങളിൽ ധാന്യാ മ്ലം ബാഹ്യമായ ഉപചാരങ്ങളിൽ ധാരാളമായി ഉപയോഗിക്കുന്നു. സേകത്തിനും ഉപനാഹത്തിനും തിക്തകഷായങ്ങളും വിശദഗുണം കൊണ്ട് ബാഹ്യോപചാരത്തിൽ പ്രവർത്തിക്കുന്നു. ഉദ്വർത്തനത്തിന് ഈ രസങ്ങളാണ് വേണ്ടത്. കടുരസം തീക്ഷ്ണതകൊണ്ടാകാം, മറ്റു രസങ്ങൾക്കൊപ്പമാണ് കൂടുതലും ഉപയോഗിക്കുന്നത്. മിക്കവാറും എല്ലാ രസങ്ങളും അഭ്യംഗത്തിനുള്ള തൈലങ്ങളുടെ സംസ്കരണ ത്തിന് പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് പറയാം.

വിപാകത്തിന് ബഹിഃപരിമാർജനത്തിൽ വലിയ പങ്കുണ്ടെന്ന് പറഞ്ഞു കൂടാ. രസത്തെ പരിണമിപ്പിക്കാനുള്ള കെല്പൊന്നും ഭ്രാജകാഗ്നിക്ക് ഇല്ല. ബാഹ്യോപചാരത്തിൽ പ്രസക്തമാകുന്ന ഗുണങ്ങൾ നേരത്തേ തന്നെ സൂചിതമായി. ഗുണം പറയുമ്പോൾ വീര്യവും ഉൾപ്പെട്ടു.

പ്രഭാവത്തിന് പ്രത്യേകമായ സ്ഥാനം തന്നെയുണ്ട്, ബഹിഃപരി മാർജനത്തിൽ. ത്വച്യം വർണ്യം (ഏലാദി ഗണം) എന്നിവ ഏറെ ക്കുറെ സ്ഥാനികമായ വിശിഷ്ടമായ കർമ്മങ്ങളാണ്. വിഷഘ്നമായ പ്രഭാവവും ബാഹ്യോപചാരത്തിൽ (ലോധ്രാദിഗണം) പങ്കെടുക്കുന്നു.

ബഹിഃപരിമാർജനം സമഗ്രമായൊരു ചികിത്സയൊന്നുമല്ല. അന്തഃപ രിമാർജനത്തിനോടൊപ്പം, അവസ്ഥ നോക്കി മാത്രം ചെയ്യേണ്ട ഒന്നാ ണ്. അതിലും ദോഷഭേദങ്ങൾ കണക്കിലെടുക്കേതുണ്ട്. ക്ഷുദ്രരോ ഗങ്ങൾ പോലുള്ള ചിലത് ബഹിഃപരിമാർജനം കൊണ്ടുമാത്രം മാറി യേക്കാം.



Vaidyabhushanam K. Raghavan Thirumulpad Foundation (VKRT Foundation) for Ayurvedic Studies is a registered trust established by the late Padmabhushan Vaidyabhushanam K. Raghavan Thirumulpad with a strong back up of his *Sishyas*. This foundation is meant basically for setting up an elaborate platform for learning, debating, and propagating Ayurveda in its original context among the wide population of academic experts, clinical practitioners and students. It was inaugurated by Aryavaidyan Padmasri P. K. Warrier in the year 2000 on the 80th birthday celebrations of Sri Thirumulpad.

The Foundation is engaged in an array of activities, all focused for the cause of Sastrik Ayurveda. It ranges from the celebration of Vidyarambham the ritualistic initiation of learning by the guru to organizing lectures and continuing education programs; from conducting essay competitions for the students of Ayurveda and Sanskrit to the publication of books especially those highlighting the Kerala tradition of Ayurveda; and from the publication of VKRTF Vaidya Samvadam, a quarterly journal in Malayalam to maintain and moderate an internet discussion forum, VAIDYAKAM which is active with the participation of many scholars from both India and abroad.

Details
**VAIDYABHUSHANAM**
**K. RAGHAVAN THIRUMULPAD FOUNDATION**
**FOR AYURVEDIC STUDIES**
Raja Vihar, Palace Road, Chalakudy
Thrissur 680 307 Kerala